# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3605 17.10.2011-ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രിയിലെ വിവിധ ഒഴിവുകൾ

<table>
<tr><th>ചോദ്യം</th><th>ഉത്തരം</th></tr>
<tr><td>ശ്രീ. കെ. വി. വിജയദാസ് :</td><td>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ വിവിധ സർക്കാർ ആശുപത്രി-കളിലായി താഴെപ്പറയുന്ന തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;<br>(i) ഡോക്ടർമാർ<br>(ii) നഴ്സ്<br>(iii) ഫാർമസിസ്റ്റ്<br>(iv) ലാബ്ടെക്നീഷ്യൻ<br>(v) അറ്റന്റർ<br>(vi) X-Ray ടെക്നീഷ്യൻ</td><td>(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും ഉള്ള ഒഴിവുകൾ താഴെ ചേർക്കുന്നു.
<table>
<tr><th></th><th>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</th><th>ആരോഗ്യ വകുപ്പ്</th></tr>
<tr><td>1.ഡോക്ടർമാർ</td><td>319</td><td>820</td></tr>
<tr><td>2. നഴ്സ്</td><td>139 (സ്റ്റാഫ് നഴ്സ്)</td><td>108</td></tr>
<tr><td>3. ഫാർമസിസ്റ്റ്</td><td>2</td><td>17</td></tr>
<tr><td>4. ലാബ്ടെക്നീഷ്യൻ</td><td>25</td><td>190</td></tr>
<tr><td>5. അറ്റന്റർ</td><td>1</td><td>101 -ഗ്രേഡ് 1<br>778-ഗ്രേഡ്-2</td></tr>
<tr><td>6. X-Ray ടെക്നീഷ്യൻ</td><td>4</td><td>6</td></tr>
</table>
</td></tr>
<tr><td>(ബി) പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;</td><td>(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ പി.എസ്,സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ തസ്തികകളായ അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൾട്ടന്റ് എന്നിവയിലേയും .ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. നിയമനം വഴി നികത്തപ്പെടേണ്ട സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എക്സറേ ടെക്നീഷ്യൻ എന്നിവയിലെ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് വിഭാഗത്തിൽ ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2-ൽ നിന്നുള്ള പ്രൊമോഷൻ തസ്തികയാണ് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1. ഗ്രേഡ് 2-തസ്തികയിലെ 50% ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ബാക്കി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നുള്ള പ്രൊമോഷൻ മുഖേനയുമാണ് നികത്തുന്നത്.</td></tr>
</table>

| | |
|---|---|
| (സി) പി.എസ്.സി.യിൽ നിന്ന് അഡ്വൈസ് ലഭിക്കുന്നതിനുമുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പ്രസ്തുത് ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (സി) പി.എസ്.സി.യിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (എൻ.എ.സി) ലഭിക്കുന്നമുറയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ തസ്തികകളിലെ ഒഴിവുകൾ താൽക്കാലിക നിയമനം വഴിയും വിരമിച്ച ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിയും നികത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകൾ സർക്കാർ നഴ്സിംഗ് സ്ക്കൂൾ/ കോളേജ് എന്നിവിടങ്ങളിൽ നിന്നും വിജയകരമായി പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് താൽക്കാലികമായും ബോണ്ട് അടിസ്ഥാനത്തിലും നിയമനം നൽകാറുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള നിയമനം വഴി ഒഴിവുകൾ നികത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ കുറവായതിനാലും പി.എസ്.സി. നിയമനം പ്രതീക്ഷിക്കുന്നതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ലാബ് ടെക്നീഷ്യൻ തസ്തികയിലെ കുറച്ച് ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. എക്സറേ ടെക്നീഷ്യൻ തസ്തികയിൽ പി.എസ്.സി. മുഖേനയുള്ള നിയമന നടപടികൾ അന്തിമഘട്ടത്തിലാണ്. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2. ഗ്രേഡ് 1 എന്നീ തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ